# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3505 — 21-12-2012-ൽ മറുപടിക്ക്

### മലപ്പുറം ജില്ലയിലെ വട്ടംകുളം പഞ്ചായത്തിൽ അധിക തസ്തിക സൃഷ്ടിക്കാനുള്ള നടപടി

| ചോദ്യം<br>ഡോ. കെ.ടി.ജലീൽ | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിൽ പ്രതിവർഷം അറുപതിനായിരത്തിൽ പരം ജനനം നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിൽ പ്രതിവർഷം അയ്യായിരത്തിൽ പരം ജനനം നടക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പഞ്ചായത്തിൽ ജനന സർട്ടിഫിക്കറ്റ് നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ജനന സർട്ടിഫിക്കറ്റിൽ പേര് ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി അധികം അപേക്ഷകൾ വരുമ്പോൾ ഒഴികെ കാലതാമസം ഉണ്ടാകാറില്ല. |
| (സി) എങ്കിൽ ഈ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അധികമായി ഒരു ക്ലാർക്കിന്റെയും സൂപ്രണ്ടിന്റെയും തസ്തിക അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ